# പതിമൂന്നാം കേരളനിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4842 27.06.2014-ൽ മറുപടിയ്ക്ക്

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലോകബാങ്ക് ധനസഹായം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.പി. ഉബൈദുള്ള | | ഡോ.എം.കെ.മുനീർ (ബഹു.പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി) |
| (എ) | 2013-14 സാമ്പത്തിക വർഷത്തിൽ ലോകബാങ്കിന്റെ ധനസഹായം എത്ര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ് ലഭിച്ചത്; | (എ) | 2013-14 സാമ്പത്തിക വർഷത്തിൽ ലോകബാങ്കിന്റെ ധനസഹായമായ പെർഫോമൻസ് ഗ്രാന്റ് 898 ഗ്രാമപഞ്ചായത്തുകളും 39 മുനിസിപ്പാലിറ്റികളും ഉൾപ്പെടെ 937 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ് ലഭിച്ചിട്ടുള്ളത്. |
| (ബി) | എത്ര രൂപയുടെ ധനസഹായമാണ് ലഭിച്ചതെന്നും അത് ഏതെല്ലാം കാര്യങ്ങൾക്കാണ് വിനിയോഗിച്ചതെന്നും വെളിപ്പെടുത്തുമോ; | (ബി) | 2013-14 സാമ്പത്തിക വർഷത്തിൽ ആകെ 270 കോടി രൂപ പെർഫോമൻസ് ഗ്രാന്റായി വിതരണം ചെയ്തിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സേവന പ്രദാനം മെച്ചപ്പെടുത്തുന്നതിനായുള്ള ആസ്തികൾ സൃഷ്ടിക്കുന്നതിനും പരിപാലിക്കുന്നതിനുമായി അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തോടു കൂടി നടപ്പാക്കുന്ന പ്രോജക്ടുകൾക്കായിട്ടാണ് പ്രസ്തുത ധനസഹായം വിനിയോഗിക്കുന്നത്. |
| (സി) | ലോക ബാങ്ക് ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദാംശം നൽകാമോ? | (സി) | 2013-14 മുതൽ പെർഫോമൻസ് ഗ്രാന്റ് ലഭിക്കുന്നതിനുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ നിശ്ചയിക്കുന്നത് എല്ലാ ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും വാർഷിക പ്രവർത്തന വിലയിരുത്തൽ |

നടത്തിക്കൊണ്ടാണ്. പ്രസ്തുത വാർഷിക പ്രവർത്തന വിലയിരുത്തലിൽ തദ്ദേശ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ താഴെ പറയുന്ന പ്രവർത്തന മേഖലകളായി തിരിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ട്.

1. ആസൂത്രണവും ബഡ്ജറ്റ് പ്രക്രിയയും.
2. പദ്ധതി നിർവ്വഹണവും സേവനപ്രദാനവും.
3. അക്കൗണ്ടിംഗ്, ധനകാര്യ റിപ്പോർട്ടിംഗ്, ഓഡിറ്റിംഗ്.
4. സുതാര്യത, അക്കൗണ്ടബിലിറ്റി.

മേൽ സൂചിപ്പിച്ച പ്രവർത്തന മേഖലകളിൽ അനിവാര്യ അവശ്യവ്യവസ്ഥയായി ഉൾപ്പെടുത്തിയ ഒമ്പത് വ്യവസ്ഥകളും പാലിക്കുകയും പ്രവർത്തന നിലവാരത്തിനായി നിർണ്ണയിച്ചിട്ടുള്ള 100 മാർക്കിൽ കുറഞ്ഞത് 50 മാർക്ക് എങ്കിലും നേടിയിട്ടുള്ളതുമായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ് 2013-14 വർഷത്തെ പെർഫോമൻസ് ഗ്രാന്റ് വിതരണം ചെയ്തിട്ടുള്ളത്

സെക്ഷൻ ആഫീസർ.